## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3156** | **13-07-2022 - ൽ മറുപടിയ്ക്ക്**

## എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കുള്ള എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുക കൃത്യമായി ബാങ്ക് അക്കൗണ്ടുകളിൽ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക തീർക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | 2019-20 മുതൽ നാളിതുവരെ കുട്ടികൾക്ക് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് നൽകിയതിന്റെ കണക്ക്, കുട്ടികളുടെ എണ്ണവും തുകയും ഉൾപ്പടെ ജില്ല തിരിച്ച് വ്യക്തമാക്കുമോ; നിലവിൽ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | 2019-20 വരെ കുട്ടികൾക്ക് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് വിതരണം ചെയ്യുത് എപ്രകാരമാണെന്ന് വിശദമാക്കുമോ; പ്രസ്തുത വിതരണത്തിൽ ന്യൂനതകളോ, പരാതികളോ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖേന റിക്വയർമെന്റ് വാങ്ങിയതിന് ശേഷം എല്ലാ ജില്ലാ വിദ്യാഭ്യാസ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾക്കും തുക അനുവദിക്കുകയും തുടർന്ന് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും സ്കൂൾ പ്രഥമാധ്യാപകർക്കും നൽകി വരുന്നു. |
| (ഡി) | ബാങ്ക് അക്കൗണ്ട് വഴിയുള്ള വിതരണത്തിൽ സാങ്കേതിക തകരാറോ മറ്റെന്തെങ്കിലും കാരണങ്ങൾ കൊണ്ടോ അക്കൗണ്ടുകളിൽ എത്താത്ത തുക കൃത്യമായി കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | ഇത്തരം പരാതികൾ ലഭ്യമാകുന്ന സാഹചര്യത്തിൽ പരാതികളുടെ നിജസ്ഥിതി പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ഇ) | എൽ.എസ്.എസ്. സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥിക്ക് ഏഴാം ക്ലാസ് വരെയും യു.എസ്.എസ്. സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥിക്ക് പത്താംക്ലാസ് വരെയും തുക ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ സംവിധാനങ്ങളുണ്ടോ; ഇല്ലെങ്കിൽ ആയത് | (ഇ) | എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിൽ നിലവിൽ വ്യവസ്ഥാപിതമായ സംവിധാനം ഉണ്ട്. ഓരോ സാമ്പത്തിക വർഷാവസാനത്തിലും സ്കോളർഷിപ്പ് ഇനത്തിൽ അനുവദിക്കുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സ്കൂൾ തലത്തിൽ നിന്നും വിവിധ |

| | | | |
|---|---|---|---|
| | പരിശോധിക്കുവാനും സമയബന്ധിതമായി തുക വിതരണം ചെയ്യുവാനും സംവിധാനമൊരുക്കുമോ; | | ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ശേഖരിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഫീസുകളിൽ ലഭ്യമാക്കുകയും ടി ഓഫീസുകളിൽ നിന്ന് അവ ക്രോഡീകരിച്ച് ഡയറക്ടറേറ്റ് തലത്തിലും ലഭ്യമാക്കാറുണ്ട് . |
| (എഫ്) | എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് കൃത്യമായും കുറ്റമറ്റ രീതിയിലും വിതരണം ചെയ്യാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കാമോ? | (എഫ്) | എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിൽ നിലവിൽ വ്യവസ്ഥാപിതമായ സംവിധാനം ഉണ്ട്. ഓരോ സാമ്പത്തിക വർഷാവസാനത്തിലും സ്കോളർഷിപ്പ് ഇനത്തിൽ അനുവദിക്കുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സ്കൂൾ തലത്തിൽ നിന്നും വിവിധ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ശേഖരിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഫീസുകളിൽ ലഭ്യമാക്കുകയും ടി ഓഫീസുകളിൽ നിന്ന് അവ ക്രോഡീകരിച്ച് ഡയറക്ടറേറ്റ് തലത്തിലും ലഭ്യമാക്കാറുണ്ട് . |

സെക്ഷൻ ഓഫീസർ